CONSULTANT

THE CONTRARIAN

ടിനി ഫിലിപ്പ്

പ്രോജക്ട് കാര്യക്ഷമമാക്കാൻ ചില പരിഹാര മാർഗങ്ങൾ

നൂതനമായ പരിഹാരമാർഗങ്ങളിലൂടെ സമയബന്ധിതമായി പ്രോജക്റ്റുകൾ എങ്ങനെ പൂർത്തിയാക്കാം?

കഴിഞ്ഞ മൂന്ന് ലക്കങ്ങളിലായി പ്രോജക്ട് ഓറിയന്റഡ് ബിസിനസ് എങ്ങനെ കാര്യക്ഷമമായി മാനേജ് ചെയ്യാം എന്നതിനെ കുറിച്ച് ചർച്ച ചെയ്തു വരുകയായിരുന്നു. പ്രോജക്ടുകളിൽ സമയം നഷ്ടപ്പെടുത്തുന്ന രണ്ടു ബിഹേവിയറുകളെ കുറിച്ചാണ് അവസാനം പറഞ്ഞു നിർത്തിയത്. അത്തരത്തിൽ സമയം നഷ്ടപ്പെടുത്തുന്ന മറ്റൊരു ബിഹേവിയറാണ് ഈ ലക്കത്തിൽ പരിശോധിക്കുന്നത്. അതിനുശേഷം പ്രോജക്ടുകൾ സമയത്തിനുള്ളിൽ തീർക്കുന്നതിനുള്ള വിവിധ മാർഗങ്ങളെ കുറിച്ച് വിവരിക്കാം.

പ്രോജക്ടുകൾ വൈകുന്നതിനുള്ള മൂന്നാമത്തെ കാരണം ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന മൾട്ടി-ടാസ്കിംഗ് രീതി തന്നെയാണ്.

സാധാരണയായി മിക്ക റിസോഴ്സുകളും വിവിധ പ്രോജക്ടുകളിൽ ഒരേ സമയം ജോലി ചെയ്യുന്നതായി കണ്ടോം.

അതായത് ഒരു പ്രത്യേക റിസോഴ്സ് മൂന്ന് പ്രോജക്ടുകളിൽ ഒരേസമയം ജോലി ചെയ്യണമെന്ന് വിചാരിക്കുക, അങ്ങനെയെങ്കിൽ ഓരോ പ്രോജക്ടിലും 3X ദിവസങ്ങൾ ചെലവഴിക്കേണ്ടി വരും.

ഓരോ റിസോഴ്സും ആത്മാർപ്പണത്തോടെ, ഓരോ പ്രോജക്ടും പടിപടിയായി ചെയ്തു തീർക്കുന്ന രീതിയിൽ (ഒരു സമയം ഒരു പ്രോജക്ട്) ജോലി ചെയ്താൽ പ്രോജക്ട് 1 ലെ ജോലി 3X ദിവസങ്ങൾ കൊണ്ട് പൂർത്തിയാകും, ഫിഗർ 1 ൽ കാണുന്നതുപോലെ പ്രോജക്ട് 2 പൂർത്തിയാകാൻ 6X ദിവസങ്ങളും പ്രോജക്ട് 3 പൂർത്തിയാകാൻ 9X ദിവസങ്ങളും വേണ്ടി വരും.

Figure 1: Three projects done Sequentially



ഫിഗർ 2 ൽ കാണുന്നതുപോലെ ഒരു റിസോഴ്സിനോട് മൂന്നു പ്രോജക്ടുകളിലായി വിവിധ ജോലി ചെയ്യാൻ ആവശ്യപ്പെടും, സാധാരണ ഇത് സംഭവിക്കാറില്ല.

Figure 2: Three projects done by Multi-Tasking

ഒരു റിസോഴ്സ് ഒന്നിലധികം ജോലി ചെയ്യുന്ന രീതിയാണ് (മൾട്ടി ടാസ്കിംഗ്) പിന്തുടരുന്നതെങ്കിൽ പ്രോജക്ട് 1 പൂർത്തിയാകാൻ 7 X ദിവസങ്ങളും, പ്രോജക്ട് 2 പൂർത്തിയാകാൻ 8X ദിവസങ്ങളും പ്രോജക്ട് 3 പൂർത്തിയാകാൻ 9X ദിവസങ്ങളും വേണ്ടി വരുമെന്ന് ഫിഗർ 2 ൽ നിന്ന് നമുക്ക് മനസിലാക്കാനാകും.

എന്നിരുന്നാലും, ഇതിൽ നിന്ന് യഥാർത്ഥത്തിൽ നമുക്ക് മനസിലാക്കാനാകുന്നത് ഫിഗർ 3 ൽ കാണുന്നതുപോലെ ഈ ജോലികളെല്ലാം വൈകിയാണ് പൂർത്തിയാകുന്നതെന്നു തന്നെയാണ്.

ഒരു റിസോഴ്സ്, പ്രോജക്ട് 1 7X അധിക ദിവസങ്ങൾകൊണ്ടും പ്രോജക്ട് 2 8X ദിവസങ്ങൾ കൊണ്ടും പ്രോജക്ട് 3 9X ദിവസങ്ങൾ കൊണ്ടുമാണ് യഥാർത്ഥത്തിൽ പൂർത്തിയാക്കുന്നത്.

എന്തുകൊണ്ടാണ് ഇതിങ്ങനെ സംഭവിക്കുന്നത്?

Figure 3: Three projects done by Multi-Tasking-Late

ഓരോ ജോലിയിലും മൂന്നു ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നതായി കാണാനാകും. ഫിഗർ 4 ൽ കാണുന്നതു പോലെ സെറ്റ് അപ്, ആക്ചവൽ വർക്ക്, സെറ്റ് ഡൗൺ എന്നിവയാണത്.

Figure 4: Task Components

ഒരു ടാസ്കിൽ യഥാർത്ഥ വർക്ക് (Actual Work) തുടങ്ങുന്നതിനു മുൻപ്, റിസോഴ്സിന് സെറ്റ് അപ് ചെയ്യാനായി കുറച്ച് സമയം വേണ്ടി വരും.

അതായത് പ്രോജക്ട് യഥാർത്ഥമായി തുടങ്ങുന്നതിനു മുൻപു തന്നെ പ്രോജക്ടിന്റെ ബാക്ക്ഗ്രൗണ്ട്, ലക്ഷ്യങ്ങൾ അല്ലെങ്കിൽ അതിനാവശ്യമായ ടൂളുകൾ എന്നിവയുമായൊക്കെ പരിചിതമാകുന്നതിനെയാണ് സെറ്റ് അപ്പ് എന്ന് ഉദ്ദേശിക്കുന്നത്.

യഥാർത്ഥ വർക്ക് ചെയ്തതിനു ശേഷം റിസോഴ്സിന് മറ്റ് ജോലികൾ ഏറ്റെടുക്കുന്നതിനു മുൻപ് സെറ്റ് ഡൗണിനായി കുറച്ചു സമയം വേണം.

അപ്രകാരം മിക്ക മൾട്ടി ടാസ്ക് പ്രോജക്ടുകളിലും ഫിഗർ 5 ൽ കാണുന്നതുപോലെ സെറ്റ് അപ്പ്, ആക്ചവൽ വർക്ക്, സെറ്റ് ഡൗൺ എന്നിങ്ങനെയുള്ള ഘടകങ്ങൾ ഓരോ ജോലിയിലും ഉണ്ടാകും.

മിക്ക പ്രോജക്ടുകളുടേയും സമയം കണക്കാക്കുന്നത് പര്യാപ്തമാണ്, എന്നാൽ പ്രോജക്ട് നടപ്പാക്കുന്ന സമയത്തെ ആളുകളുടെ ബിഹേവിയറിലുണ്ടാകുന്ന വ്യത്യാസമാണ് പ്രോജക്ടുകൾ വൈകി പൂർത്തിയാകാൻ ഇടവരുത്തുന്നത്.

പ്രോജക്ടുകൾ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ എന്തു പരിഹാരമാർഗമാണ് നമുക്ക് പ്രയോഗിക്കാനാവുക?

ആദ്യം ചെയ്യേണ്ടത് ടാസ്കിനുള്ള സമയം നിശ്ചയിക്കുമ്പോൾ വളരെ അഗ്രസീവായി പ്ലാൻ ചെയ്യുക, അതായത് ഓരോ ടാസ്കിലുമുള്ള അധിക സേഫ്റ്റി മാറ്റുക, അല്ലെങ്കിൽ ഈ സേഫ്റ്റിയെല്ലാം പ്രോജക്ടിന്റെ എൻഡിലേക്ക് മാറ്റുക.

ഈ പരിഹാരമാർഗം മനസിലാക്കാനായി ഒരു ബിസിനസിന്റെ ഉദാഹരണം നോക്കാം. ഒരു പ്രോജക്ടിലെ ടാസ്ക് ചെയ്യാനായി നിയമിക്കപ്പെട്ട ഒരു കോൺട്രാക്ടറാണ് നിങ്ങളെന്നു വിചാരിക്കുക. നിങ്ങൾ കൃത്യ സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കിയാൽ നിങ്ങൾക്ക് കോൺട്രാക്ട് തുക നൂറു ശതമാനവും ലഭിക്കും. അതേസമയം നിങ്ങൾ പ്രോജക്ട് തീർക്കാൻ വൈകിയാൽ പിഴ ഈടാക്കുകയും മോശം പേര് ലഭിക്കുകയും ചെയ്യും.

നിരവധി പ്രോജക്ടുകളിൽ ഒരേ സമയം ഒരു റിസോഴ്സ് ഉപയോഗിച്ചാൽ അതിന്റെ മൊത്തം ഉൽപാദനക്ഷമത കുത്തനെ താഴേക്കു പോകും

നിങ്ങളോട് പോരിക്കുകയാണ് ആ ടാസ്ക് പൂർത്തിയാക്കാൻ എത്ര സമയം വേണമെന്ന്. നിങ്ങളുടെ പ്രവൃത്തി പരിചയത്തിൽ നിന്ന് ആ ജോലി തീർക്കാൻ വേണ്ട ഏറ്റവും കുറഞ്ഞ സമയം ഒരു ദിവസമാണ്.

മൂന്നു ദിവസത്തിനുള്ളിൽ ആ ജോലി പൂർത്തിയാക്കാനുള്ള സാധ്യത 50 ശതമാനമാണ്. ഒൻപത് ദിവസം കൊണ്ട് ടാസ്ക് പൂർത്തിയാക്കാനുള്ള സാധ്യതയാണെങ്കിൽ 95 ശതമാനവും.

ഈ വിവരങ്ങളാണ് ഫിഗർ 6 ൽ കാണിച്ചിരിക്കുന്നത്.

പഴയ വർക്കിംഗ് രീതിയിൽ, ജോലി പൂർത്തിയാക്കാൻ വേണ്ട സമയം ഒൻപത് ദിവസമാണെന്ന് കോൺട്രാക്ടർ കണക്കുകൂട്ടും.

പുതിയ വർക്കിംഗ് രീതിയിൽ ജോലി പൂർത്തിയാക്കാൻ വേണ്ട സമയം മൂന്നു ദിവസമാണെന്നായിരിക്കും കോൺട്രാക്ടർ കണക്കുകൂട്ടുക.

ഇനി നമുക്ക് മൊത്തം പ്രോജക്ടിൽ

Figure 5: Multi-Tasking Showing Task Components